സി. എം. ചാത്തുവിന്റെ സമുദായ സേവനത്തെപ്പറ്റി എഴുതീട്ടുള്ള അഭിപ്രായത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമോ?

രാമവമ്മതമ്പുരാൻ.—മിസ്റ്റർ മത്തായി ഇങ്ങിനെയൊരഭിപ്രായം എഴുതിയതായി കാണുന്നില്ല.

Allowance to Wardens of Colonies.

127. മിസ്റ്റർ കെ. പി. വള്ളോൻ.—കാളനി വാർഡന്മാർക്കു മാസം എന്തു അലവൻസു കൊടുക്കുന്നുണ്ട്?

രാമവമ്മതമ്പുരാൻ.—മാസത്തിൽ ഒ ക., വ ക., ഫ ഠ കഃ വീതം കാളനിയുടെ വലിപ്പം പോലെ അലവൻസ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവക്ക് ട്രാവലിംഗ് അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം, നിശ്ചയമില്ല.

Examination—Depressed class Students.

128. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികളുടെ പരിക്ഷയെ സംബന്ധിച്ച് ഫ ഫ ഠ വ-ൽ അധഃകൃതസംരക്ഷകൻ തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അവർകൾക്ക് അയച്ചിട്ടുള്ള കത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമൊ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒരു കത്തും അയച്ചിട്ടില്ല.

Taking Poison—Nettur Ullada Colony.

129. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ നിവസിക്കുന്ന ഒരാൾ രസം (വിഷം) കുടിക്കാനുണ്ടായ രഹസ്യത്തെപ്പറ്റി വാർഡൻ സംരക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാപ്പി സദയം മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മതമ്പുരാൻ.—ഉണ്ട്. അതിന്റെ കാപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix VI.*)

മിസ്റ്റർ സി. എ. ഒസേപ്പ്.—രസം കഴിച്ചതിന്റെ ഫലമെന്തായി?

രാമവമ്മതമ്പുരാൻ—നോട്ടീസു വേണം.

Ill-treatment of a Pulaya at Narakkal.

130. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഞാറക്കൽ നിവാസിയായ ഒരു അധഃകൃതനെ സ്ഥലത്തെ ഒരു കുസ്തിക്കാരി അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചു കൊണ്ടുപോയി ദേഹോപദ്രവം ചെയ്തതായി ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടോ;

(b) ടി അധഃകൃതൻ ഹർജി കൊടുത്ത കാരണവും പറഞ്ഞു വീണ്ടും ദേഹോപദ്രവം ചെയ്യാൻ ശ്രമിച്ചിരിക്കുന്ന വിവരം ഞാറ

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ പോലീസ് ഇൻസ്പെക്ടരെ വല്ലവരും അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുചെയ്തു;

(c) വീണ്ടും ടി അധഃകൃതനേയും മറ്റും വീട്ടുകയറി ഉപദ്രവിച്ചതിനെപ്പറ്റി പരാതിയുണ്ടോ? എന്തു ചെയ്തു?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഇല്ല; എന്നാൽ ഞാറക്കൽ നിവാസിയായ പുലയൻ അയ്യപ്പനും ചാത്തൻ എന്നവനും കൂടി ടി ദേശത്തു് ചേലാട്ടു കൊച്ചാപ്പു എന്ന ഒരു കുസ്ഥാനിയുടെ വീട്ടിൽ ചെല്ലുകയും അവിടെ വെച്ചു ടി പുലയർ തമ്മിൽ വാക്കേറ്റം ഉണ്ടായി, തമ്മിൽ അടിപിടി കൂടുകയും അപ്പോൾ ടി കൊച്ചാപ്പു അവരോടു തന്റെ വീട്ടിൽ നിന്നു പുറത്തു പോകുവാൻ പറഞ്ഞതായും അറിവായിട്ടുണ്ടു്.

(b) ഉവ്വു്; M. L. C. മിസ്റ്റർ വള്ളോൻ ടി കാര്യത്തെപ്പറ്റി ഞാറക്കൽ ഇൻസ്പെക്ടരോടു പറഞ്ഞിട്ടുണ്ടു്. ഇൻസ്പെക്ടർ കുസ്ഥാനികളെ പുലയരെ ഉപദ്രവിക്കരുതെന്നു താക്കീതു ചെയ്കയും അവരുടെ മേൽ ദൃഷ്ടിവെച്ചുപോരുകയും ചെയ്യുന്നുണ്ടു്.

(c) ഹർജിക്കാരൻ അയ്യപ്പന്റെ ഭാര്യയുടെ അച്ഛൻ ഇണ്ണുണ്ണിയെന്നയാളെ ടിയാന്റെ വീട്ടിൽ കയറി ചില കുസ്ഥാനികൾ ഉപദ്രവിച്ചു സംഗതിക്കു് ഞാറക്കൽ സ്റ്റേഷനിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ത്രേട്ടന്മാരുടെ കോടതിയിൽ ഒരു കേസ് റിക്കാട്ടാക്കുകയും അതു് ഇപ്പോൾ വിചാരണയിൽ ഇരിക്കുന്നതും ആകുന്നു.

Deepening—Malippuram and Venduruthy Canals—Agent.

131. മിസ്റ്റർ കെ. പി. വള്ളോൻ.—മാലിപ്പുറം, വെണ്ടുരുത്തി എന്നീസ്ഥലങ്ങളിലുണ്ടായിരുന്ന തോടു താഴ്ത്തൽ നിർവ്വഹിച്ച നായ്ക്കൻ ഏതുദേശത്തുകാരനാണു്?

രാമവർമ്മതമ്പുരാൻ.—ഏതുദേശക്കാരനാണെന്നു് അന്വേഷിച്ചിട്ടില്ല.

Ill-treatment—Depressed Classes workman—Mala.

132. മിസ്റ്റർ കെ. പി. വള്ളോൻ.—മാള വലിയ പറമ്പുകാളനായിൽ ജോലിക്കുപോയ ഒരു അധഃകൃതനെ ദേഹോപദ്രവംചെയ്ത കുസ്ഥാനിയുടെ മേൽ സംരക്ഷകൻ എന്തു നടപടി നടത്തി?

രാമവർമ്മതമ്പുരാൻ.—അങ്ങനെയൊരു സംഭവം ഉണ്ടായതായി അറിവുകിട്ടിയില്ല.

Widening and improving Chalakkudi road at Edakunni bazaar.

133. Mr. E. Ikkanda Warriar.—Will the Government be pleased to state :—

(1) whether the lands necessary for widening and improving the Chalakkudi road at Edakkunni bazaar have been taken

LIBRARY ARCHIVES Kerala Legislative Assembly